LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഒരു കോടി രൂപ ചെലവഴിച്ച് മുള്ളമല പട്ടികവർഗ്ഗ കോളനിയിൽ നടപ്പിലാക്കി വരുന്ന ഹാംലറ്റ് വികസന പദ്ധതിയുടെ നിർവ്വഹണച്ചുമതല ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി-ഡി) സ്ഥലം എം.എൽ.എ.യുടെ പരാതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെക്കൊണ്ട് അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർ

236(2440) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂരഹിതരായ പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് എത്ര ഭൂമി വീതമാണ് ഓരോ ജില്ലയിലും വിതരണം ചെയ്തിട്ടുള്ളത് ; ഇക്കാലയളവിൽ ആകെ എത്ര ഭൂമിയാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ബി) വിതരണം ചെയ്തിട്ടുള്ള ഭൂമി എത്ര ആളുകൾ ഏറ്റെടുത്ത് താമസം ആരംഭിച്ചു എന്ന കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഇവർക്ക് എന്തൊക്കെ പാക്കേജുകളാണ് നൽകിയിരുന്നത് ; ഇനിയും ഭൂമി ഏറ്റെടുക്കുകയോ താമസം ആരംഭിക്കുകയോ ചെയ്തിട്ടില്ലാത്ത കേസുകളിൽ ഇനി എന്ത നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു:

- ടി. ആർ.ഡി.എം. പദ്ധതി പ്രകാരം 651 പേർക്ക് 549.648 ഏക്കർ ഭൂമിയും
- 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' പദ്ധതി പ്രകാരം 524 പേർക്ക് 183.901 ഏക്കറും
- കെ.എസ്.റ്റി. ആക്ട് മുഖേന 785 പേർക്ക് 611.61 ഏക്കറും